LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20-2-2021-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇതുസംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം 15-3-2021-ലെ എ 1/131/2020/ഊ.വ നമ്പർ അർദ്ധ ഔദ്യോഗികകത്ത് മുഖേന സംസ്ഥാനസർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ബഹു. വൈദ്യുതി വകുപ്പ് മന്ത്രി 23-7-2021-ലെ 272/M(Ele)/L/2021 കത്ത് പ്രകാരം ഡീ ലൈസൻസിംഗും തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ് സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാദ്ധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാദ്ധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. 17-2-2021-ന് കേന്ദ്ര ഊർജ്ജ വകുപ്പ മന്ത്രി വിവിധ സംസ്ഥാന ഊർജ്ജവകുപ്പ് സെക്രട്ടറിമാരും ഉത്പാദനപ്രസരണ-വിതരണ കമ്പനികളുടെ മേധാവികളുമായി നടത്തിയ ഓൺലൈൻ മീറ്റിംഗിലും ബഹുമാനപ്പെട്ട പ്രധാനമന്ത്രി 18-2-2021-ൽ നടത്തിയ വെബിനാറിലും പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശങ്ങൾ ഉണ്ടായിരുന്നു. തദവസരങ്ങളിലും കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ തങ്ങളുടെ ആശങ്കകളും ബദൽ നിർദ്ദേശങ്ങളും അവതരിപ്പിക്കുകയുണ്ടായി.

ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജിംഗ് സ്റ്റേഷനുകൾ

240 (625) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ഇത്തരം വാഹനങ്ങൾക്ക് ആവശ്യമായ കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

പെട്രോൾവില വർദ്ധനവുമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവ്വിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തത ആണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസി ആയി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി 250-ൽ പരം വരുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും പ്രാരംഭഘട്ടം ആയി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ.

സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതികൂടി ലഭിച്ചിട്ടുണ്ട്. അതുപയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം -II പദ്ധതി പ്രകാരം ഉള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം ഇലക്ട്രിക് ഓട്ടോറിക്ഷകൾ ചാർജ്ജ് ചെയ്യുന്നതിനായി കോഴിക്കോട് ജില്ലയിൽ വിതരണ പോളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പത്ത് ചാർജ്ജിംഗ് സ്റ്റേഷനുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് പോകുന്നു. ഇലക്ട്രിക്

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ഇത്തരം വാഹനങ്ങൾക്ക് ആവശ്യമായ കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി ആകെ 9 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഓരോ 100 കിലോമീറ്ററിനുള്ളിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ എന്ന രീതിയിൽ സ്ഥാപിക്കുന്നതിനാണ് അനെർട്ട് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിനായി എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L.) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ ലഭ്യമാണെങ്കിൽ അവിടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സ്വകാര്യ സംരംഭകരെകൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതാണ്.

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് കെ.എസ്.ഇ.ബി.-യുടെ കീഴിൽ ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിൽ ചൊവ്വ സബ് സ്റ്റേഷനിലാണ് ഇപ്പോൾ ചാർജിംഗ് സ്റ്റേഷൻ പ്രവർത്തിക്കുന്നത്.

വൈദ്യുതി നിരക്ക് പരിഷ്കരണം

241 (626) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് മാനദണ്ഡങ്ങളിൽ ചിലത് സംസ്ഥാന താൽപ്പര്യത്തിന് വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില കരട് നിർദ്ദേശങ്ങളിന്മേൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനു മുമ്പാകെ പുനഃപരിശോധന ആവശ്യപ്പെട്ടിട്ടുണ്ട്.